കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ–പികെഡി.11-169/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 05-02-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11-169/2019 തിയ്യതി: 05-02-2020

## പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-11-2018 മുതൽ 19-01-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-01-2020 മുതൽ 28-01-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആർ.രഞ്ജിത് | ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി.എ.കെ.ബബിത | 01-04-2018 മുതൽ 31- |

| | |
|---|---|
| | 03-2019 വരെ |
| സെക്രട്ടറി | |
| ശ്രീ.പ്രദീപ് പാസ്കൽ.സി | 01-04-2018 മുതൽ 19-04-2018 വരെ<br>& 30-04-2018 മുതൽ 03-12-2018 വരെ |
| ശ്രീ.സുരേഷ്.എം, അസി. സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 20-04-2018 മുതൽ 29-04-2018 വരെ |
| ശ്രീ.അബ്ദുൾ ലത്തീഫ്, അസി. സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 04-12-2018 മുതൽ 09-12-2018 വരെ |
| ശ്രീമതി.എൻ.രാധ | 10-12-2018 മുതൽ 31-03-2019 വരെ |

<u>(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | എൻ.ജി.വ്യാസ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ടി.റജിമോൻ | 01-04-2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സൈനുലാബ്ദീൻ.എ | 01-04-2018 മുതൽ 03-04-2018 വരെ &<br>02-05-2018 മുതൽ 01-09-2018 വരെ |
| | ശ്രീമതി.രജനി.ആർ | 04-04-2018 മുതൽ 01-05-2018 വരെ |
| | ശ്രീമതി.സരിത.എസ് | 02-09-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ്.എം | 01-04-2018 മുതൽ 21-08-2018വരെ |
| | (ഒഴിവ്) | 22-08-2018 മുതൽ 29-08-2018 വരെ |
| | ശ്രീമതി.എൻ.രാധ | 30-08-2018 മുതൽ 09-10-2018 വരെ |
| | ശ്രീ.പ്രകാശ്.കെ.കെ | 10-10-2018 മുതൽ 31-10-2018 വരെ |
| | ശ്രീ.അബ്ദുൾ ലത്തീഫ്.എ | 01-11-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.നിജാമുദീൻ.എ | 01-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം, ജി.യു.പി.എസ് | ശ്രീ.അബ്ദുൾ കലീലുൾ റഹ്മാൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ആതിര.പി | 01-04-2018 മുതൽ 15-01-2019 വരെ |

| | | |
|---|---|---|
| | ഡോ.സുനിത അലക്സ് | 16-01-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.രാധാകൃഷ്ണൻ.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ശ്രീജൻ.എസ്.ഡി | 01-04-2018 മുതൽ 11-10-2018 വരെ, |
| | ഡോ.ഡോ.സന്ധ്യ.എസ് | 12-10-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷീജ.എസ് | 01-04-2018 മുതൽ 26-10-2018 വരെ |
| | ഡോ.ഇന്ദു സുന്ദർ | 27-10-2018 മുതൽ 31-03-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി.എ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാധിക.സി | 01-04-2018 മുതൽ 29-11-2018 വരെ |
| | ശ്രീമതി.ആശ.ബി | 30-11-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം

ഭാഗം 1

ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-9 |
| 10 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിക്കാതെ ആകെ വസ്തുനികുതി ഡിമാന്റ് നിശ്ചയിച്ചിരിക്കുന്നു | 1-10 |
| 11 | ഡാറ്റാ പ്യൂരിഫിക്കേഷൻ-ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ റവന്യൂ നഷ്ടം തുടരുന്നു | 1-11 |

| | | |
|---|---|---|
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 14 | ലേലം - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | വാടക - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-15 |
| 16 | ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ് | 1-16 |
| 17 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി ചെലവഴിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ് | 1-17 |
| 18 | ശമ്പള പരിഷ്കരണം കുടിശ്ശിക പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 1-18 |
| 19 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-19 |
| 20 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചില്ല | 1-20 |
| 21 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ട താണ് | 1-21 |
| 22 | ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-22 |
| 23 | ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-23 |
| 24 | എ.ടി.എസ്.പി.പദ്ധതി-നടത്തിപ്പിലെ അപാകങ്ങളും ബാലൻസ് തുക തിരിച്ചടയ്ക്കേണ്ടതും സംബന്ധിച്ച് | 1-24 |
| 25 | തൊഴിൽ രഹിത വേതനം-ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-25 |
| 26 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ-അവലോകനം | 1-26 |
| 27 | ലൈഫ് മിഷൻ ഭവന പദ്ധതി- അവലോകനം | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-28 |
| 29 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-29 |
| 30 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ | 1-30 |

| | | |
|---|---|---|
| | നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | |
| 31 | കുള്ളരായൻപാളയം റോഡ് സൈഡ് പ്രൊട്ടക്ഷൻ - തുക പിൻവലിച്ചതിൽ ഇരട്ടിപ്പ്-397456 രൂപ STSB അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-31 |
| 32 | കരാറുകാർ തിരികെ നൽകിയ കാലി ടാർ ബാരലുകൾ കയ്യൊഴിക്കേണ്ടതാണ് | 1-32 |
| 33 | ചെറിയ നടുക്കളത്ത് ബോർവെൽ നിർമ്മാണം - കുടിവെള്ള പദ്ധതിക്കായി തുടർ പദ്ധതി ആവിഷ്കരിച്ചില്ല | 1-33 |
| 34 | ചിറവരമ്പ്/കരിമണ്ണ് മിനി കുടിവെള്ള പദ്ധതി - പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-34 |
| 35 | നാട്ടുകൽ ജി.എൽ.പി.എസ് കെട്ടിടം റിപ്പയർ - പൊളിച്ചു മാറ്റിയ സാധനങ്ങൾ കയ്യൊഴിച്ചില്ല | 1-35 |
| 36 | STSB അക്കൗണ്ടിൽ 547795 രൂപ അവശേഷിക്കുന്നു- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-36 |
| 37 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-37 |
| 38 | സർവ്വ ശിക്ഷാ അഭിയാൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-38 |
| 39 | പാലിയേറ്റീവ് കെയറിനുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ് | 1-39 |
| 40 | കറവപ്പശു വിതരണം- ചെലവഴിക്കാതെ ബാങ്കിൽ അവശേഷിക്കുന്ന സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ് | 1-40 |
| 41 | വനിതകൾക്ക് ആട് വിതരണം - സബ്സിഡി തുക ചെലവഴിക്കാതെ ബാങ്കിൽ അവശേഷിക്കുന്നു | 1-41 |
| 42 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നല്കൽ പദ്ധതി - ആവശ്യമായ തുക വകയിരുത്തിയിട്ടില്ല | 1-42 |
| 43 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-43 |
| 44 | ആശ്രയ പദ്ധതിയുടെ തുക അഗതിരഹിത കേരളം പദ്ധതിക്കായി തുടങ്ങിയ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല | 1-44 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

27-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 17.46 കോടി രൂപയും ചെലവ് 17.45 കോടി രൂപയും നീക്കിയിരിപ്പ് 0.01 കോടി രൂപയുമാണ്.

റിവൈസ്ഡ് ബജറ്റ് 12-2-2019 തിയതിയിൽ പാസാക്കിയിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 17-5-2019 | - | - |

| | | | | |
|---|---|---|---|---|
| 19 | | 2019 | | |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 10270225 |
| വരവ് | 136859945 |
| ആകെ | 147130170 |
| ചെലവ് | 99042898 |
| നീക്കിയിരിപ്പ് | 48087272 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | | 24492913 | 24492913 | 20485309 | 4007604 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | | 5609000 | 5609000 | 4212532 | 1396468 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | | 1604000 | 1604000 | 1532197 | 71803 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | | 15716000 | 15716000 | 11401154 | 4314846 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | | 4951000 | 4951000 | 2024797 | 2926203 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | | 13693693 | 13693693 | 6491428 | 7202265 |
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2281 | 852870 | 855151 | 846193 | 8958 |
| എം.എൻ.ആർ.ഇ.ജി. | 0 | 34684000 | 34684000 | 34684000 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്-തൊഴിലാളികളുടെ വേതനം | | | | | |
| ട്രഷറി-- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | -341350 | 38014615 | 37673265 | 30885426 | 6787839 |
| തനത് ഫണ്ട് - ഇന്ത്യൻ ബാങ്ക് | 9030873 | 14605737 | 23636610 | 7114381 | 16522229 |
| ഇ-പേയ്മെന്റ് - SBI (HUDCO loan ഉൾപ്പെടെ) | 18075 | 36607955 | 36626030 | 13600649 | 23025381 |
| സാക്ഷരത-ഇന്ത്യൻ ബാങ്ക് | 950 | 0 | 950 | 0 | 950 |
| ജലനിധി-ഇന്ത്യൻ ബാങ്ക് | 992242 | 37365 | 1029607 | 0 | 1029607 |
| ഉഴവർ ചന്ത – ഇന്ത്യൻ ബാങ്ക് | 413881 | 0 | 413881 | 0 | 413881 |
| ബി ഫണ്ട് | 0 | 277080 | 277080 | 277080 | 0 |

ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾക്കുള്ള ഫണ്ട്(എസ്.ടി.എസ്.ബി)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത്(*) | 1759440 | 3314554 | 5073994 | 2808554 | 2265440 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത്(*) | 0 | 5099734 | 5099734 | 4289351 | 810383 |
| ആകെ | 1759440 | 8414288 | 10173728 | 7097905 | 3075823 |

(*) ജോയിന്റ് വെഞ്ചർ അക്കൗണ്ട് നാളിതുവരെ തുറന്നിട്ടില്ല. ഈ ഇനത്തിൽ ലഭ്യമാകുന്ന തുക സെക്രട്ടറിയുടെ എസ്.ടി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾക്കുള്ള തുകകൾ നിക്ഷേപിക്കുവാൻ പ്രത്യേകം അക്കൗണ്ട് തുറക്കേണ്ടതാണ്.

കേന്ദ്ര വിഹിതം (തനത് ഫണ്ടിൽ)

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം - ICDS (തനത് ഫണ്ടിൽ) | 2758095 | 702600 | 3460695 | 612417 | 2848278 |

ശുചിത്വമിഷൻ ഫണ്ട് (തനത് ഫണ്ടിൽ)

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 3351794 | 261515 | 3613309 | 1801281 | 1812028 |
| TSC-പെർഫോമൻസ് ഗ്രാന്റ് | 0 | 836024 | 836024 | 0 | 836024 |
| ഖര മാലിന്യ പരിപാലനം | 202500 | 0 | 202500 | 0 | 202500 |

ATSP (TSP അക്കൗണ്ടിൽ)

| | | | | | |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| സ്പെഷ്യൽ ട്രൈബൽ ഫണ്ട് | 2578299 | 0 | 2578299 | 1338500 | 1239799 |

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാകിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 231752207 | 134 | 68126865 | -- | 99 | 29 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 62% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 13950000 | 3795000 | 27 |
| വി.ഇ.ഒ | 6 | 5 | 124187292 | 27121091 | 22 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 5103200 | 4709417 | 92 |
| സെക്രട്ടറി | 26 | 16 | 9383432 | 3784250 | 40 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 167 | 86 | 58695933 | 21723588 | 37 |
| എച്ച്.എം | 3 | 2 | 1496000 | 1150400 | 77 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 20000 | 12300 | 62 |
| മെഡിക്കൽ ഓഫീസർ-CHC | 1 | 1 | 500000 | 446650 | 89 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 12543500 | 2426150 | 19 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 10 | 5 | 3172850 | 1305100 | 41 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2000000 | 952919 | 48 |
| ആകെ | 233 | 134 | 231752207 | 68126865 | 29 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 67080 | 35 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 8291300 | 609 |
| 3 | വിധവാ പെൻഷൻ | 22173400 | 1700 |
| 4 | വാർദ്ധക്യകാല പെൻഷൻ | 29489200 | 2227 |
| 5 | വികലാംഗ പെൻഷൻ | 3773400 | 286 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 526200 | 39 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-1-2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40043 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18-1-2020 | 12/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-08-2006 | 1997-98 മുതൽ 2005-06 | 10-11-2016 |

# 1-9 രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

24.05.2017-ലെ സ.ഉ(സാധാ)നം.1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച 34968 നം. രശീതി ബുക്കിലെ 1-40 രശീതികൾ പകർപ്പ് വ്യക്തികൾക്ക് നൽകി അസ്സൽ സൂക്ഷിക്കുന്നതിനു പകരം അസ്സൽ നൽകി പകർപ്പ് സൂക്ഷിച്ചിരിക്കുന്നു.
2. 55789 നം. രശീതി ബുക്കിലെ 23-ാം നം. രശീതി ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ഇഷ്യൂ ചെയ്ത രശീതി ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ഉപയോഗിക്കാത്ത 72-100 നം. രശീതികൾ ക്യാൻസൽ ചെയ്യുകയോ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് (കെടിസി വാല്യം 1 ആർട്ടിക്കിൾ 90 ബി, കുറിപ്പ് 2) രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3. 55791 നമ്പർ രശീതി ബുക്കിലെ 3, 4, 14-36 നം രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. രശീതി നം 15 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ഇഷ്യൂ ചെയ്ത പകർപ്പ് സൂക്ഷിച്ചിട്ടില്ല.
4. ബുക്ക് നം. 55791 ലെ രശീതി നം. 35 പ്രകാരമുള്ള 660 രൂപയും, 36 പ്രകാരമുള്ള 930 രൂപയും (ആകെ 1590 രൂപ) കളക്ഷൻ രജിസ്റ്ററിൽ ചേർക്കാതെ സാംഖ്യയിൽ മാത്രം അടവാക്കിയിരിക്കുന്നു (കെട്ടിട നം. 1/550, 5/644).
5. ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി 31.03.2019 ന് 7/485, 5/143, 5/152, 5/289 എന്നീ കെട്ടിടങ്ങൾക്ക് യഥാക്രമം ₹460, ₹700, ₹450, ₹250 രൂപ എന്നീ തുകകൾ സാംഖ്യയിൽ അടവാക്കിയിട്ടുണ്ടെങ്കിലും രശീതിയിലോ കളക്ഷൻ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. നൂറ് ശതമാനം പിരിവ് എത്തിക്കുന്നതിനായി തുക സാംഖ്യയിൽ അടവാക്കുകയായിരുന്നുവെന്നും രശീതി എഴുതുകയോ സഞ്ചയയിൽ പോസ്റ്റ് ചെയ്യുകയോ ചെയ്യാതെ പോവുകയായിരുന്നുവെന്നും ഓഡിറ്റ് കണ്ടെത്തി. തുക ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/23.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. രശീതികൾ പകർപ്പ് വ്യക്തികൾക്ക് നൽകി അസ്സൽ സൂക്ഷിക്കേണ്ടതും നിയമാനുസൃത രിതിയിൽ ക്യാൻസലേഷൻ നടത്തേണ്ടതുമാണ്.
2. രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

3. ഔട്ട് ഡോർ കളക്ഷൻ രശീതികളിൽ തീയതി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. രശീതി മുഖേന പിരിച്ച തുകകൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് യഥാസമയം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ രശീതികളും രജിസ്റ്ററുകളും കൃത്യമായി പരിശോധിക്കേണ്ടതാണ്.
4. സാംഖ്യയിൽ അടവാക്കിയ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യപ്പെടാതെ പോയ തുകകൾ പോസ്റ്റ് ചെയ്യേണ്ടതും അധികം അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് അഡ്വാൻസിലേക്ക് മാറ്റേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറയിക്കേണ്ടതാണ്.

# 1-10 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിക്കാതെ ആകെ വസ്തുനികുതി ഡിമാന്റ് നിശ്ചയിച്ചിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 118 പ്രകാരം സെക്രട്ടറിയുടെ അനുമതി കൂടാതെ വാർത്താവിനിമയ ഗോപുരങ്ങൾ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റങ്ങൾ വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 എന്നിവയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 എന്നിവ പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ കഴിയുന്ന നിർമ്മാണങ്ങളുടെ കാര്യത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ചു നൽകുകയോ അല്ലാത്തവക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W, 235 AA എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2018-19 വർഷം വരെ വിവിധ വാർഡുകളിലായി അനധികൃതമായി പ്രവർത്തിച്ച മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ കമ്പനിയുടെ പേര് | ടവർ സ്ഥിതി ചെയ്യുന്ന വാർഡ് നം. | ടവർ സ്ഥിതിചെയ്യുന്ന സ്ഥലം | ടവർ സ്ഥിതിചെയ്യുന്ന സ്ഥല ഉടമയുടെ പേര്, വിലാസം |
|---|---|---|---|---|
| 1 | റിലയൻസ് ജിയോ | 15 | നാട്ടുകൽ സഹകരണ ക്ഷീരസംഘത്തിന് സമീപം | വെങ്കിടാചലം, ലക്ഷ്മി നിവാസ്, അയ്യപ്പൻകുന്ന്, നാട്ടുകൽ |
| 2 | എയർടെൽ | 18 | അംഗൺവാടിക്ക് എതിർവശം | സിറാജുദ്ദീൻ S/o കമാലുദ്ദീൻ, അത്തിക്കോട് |
| 3 | എയർസെൽ, ഐഡിയ | 13 | അഞ്ചാംമൈൽ കള്ളുഷാപ്പിന് സമീപം | ചിത്രവേണി D/o നാഗരാജ്, അഞ്ചാംമൈൽ |

| | | | | |
|---|---|---|---|---|
| 4 | ബിഎസ്എൻഎൽ | 13 | അഞ്ചാംമൈൽ ജംഗ്ഷൻ | രാമലിംഗം, അഞ്ചാംമൈൽ |
| 5 | ബിഎസ്എൻഎൽ | 17 | പഴയ ഇസാഫ് ആശുപത്രിക്ക് സമീപം | സബ്ബ് ഡിവിഷണൽ എഞ്ചിനീയർ, ചിറ്റൂർ |
| 6 | വോഡഫോൺ | 13 | വിനായക ക്ഷേത്രത്തിന് സമീപം | കാളിമുത്തു S/o കൃഷ്ണസ്വാമി കൗണ്ടർ,കെ.കെ.പതി |

2018-19 വർഷം നൂറ് ശതമാനം വസ്തുനികുതി പിരിവ് കൈവരിച്ചത് മേൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കുമായിരുന്ന തുക ഡിമാന്റ് ആയി ഉൾപ്പെടുത്താതെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.8/23.01.2020-ന് 2019-20 വർഷത്തിൽ ഇവയിൽ 2 ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി മുൻകാല പ്രാബല്യത്തോടെ ഈടാക്കി വരുന്നുണ്ട് എന്നുംനികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്ന 4 ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 134 എന്നിവ പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ കഴിയുന്ന നിർമ്മാണങ്ങളുടെ കാര്യത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ചു നൽകി വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.
2. ക്രമവൽക്കരിക്കാൻ കഴിയാത്ത നിർമ്മാണങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾക്ക് 235 AA പ്രകാരം വസ്തുനികുതി ചുമത്തി വരവ് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-11 ഡാറ്റാ പ്യൂരിഫിക്കേഷൻ- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ റവന്യൂ നഷ്ടം തുടരുന്നു

വാർഷിക വാടക മൂല്യം അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും പഞ്ചായത്തുകൾ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്‌വെയറിൽ തെറ്റായ ചില വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത്

തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ 10172 കെട്ടിടങ്ങളുടെ വിവരങ്ങൾ ഇതിനോടകം തിരുത്തിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ അപാകതകൾ തുടരുന്നതായി കാണുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 35 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 55 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ നിലവിലെ സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പ്രകാരം നിരക്കുവർദ്ധന പരിമിതപ്പെടുത്തിയിട്ടില്ലാത്ത 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം. | കെട്ടിട നം/ തരം | വിസ്തീർണ്ണം (ച.മീ) | നിലവിലെ നികുതി നിർണ്ണയത്തിന് പരിഗണിച്ച വർദ്ധനവ്/ ഇളവ് | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കാവുന്ന വസ്തു നികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|---|
| 1 | 5/675<br>ഷോപ്പ് | 154.42 | വർദ്ധനവ്- 20%<br>ഇളവ്- 0% | 154.42*35= 5404.7+ 20%= 1080.94<br>BT= 6486<br>LC=325<br>SC=649<br>Total- 7460 | 154.42*55= 8493.1+ 20%= 1698.62<br>BT= 10192<br>LC=510<br>SC=1020<br>Total- 11722 | 4262 |
| 2 | 17/106<br>ഹോട്ടൽ | 440.63 | വർദ്ധനവ്- 45%<br>ഇളവ്- 0% | 440.63*35= 15422.05<br>+ 45%= 6940<br>BT=22362<br>LC=1119<br>SC=2237<br>Total-25718 | 440.63*55= 24234.65<br>+ 45%= 10905.59<br>BT=35141<br>LC=1757<br>SC=3514<br>Total-40412 | 14694 |
| 3 | 17/465<br>ഷോപ്പ് | 110 | വർദ്ധനവ്- ഇല്ല<br>ഇളവ്- 20% | 110*35=3850<br>- 20%= 770<br>BT= 3080<br>LC=154<br>SC=308<br>Total- [illegible] | 110*55=6050<br>- 20%=1210<br>BT= 4840<br>LC=242<br>SC=484<br>Total- [illegible] | 2024 |

| | | | | | | |
|---|---|---|---|---|---|---|
| | | | | Total- 3542 | Total- 5566 | |
| | | | | | ആകെ | 20980 |

പ്രതിവർഷം ആകെ 20980 രൂപ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.04/23.01.2020 -ന് നാളിതുവരെ ശ്രദ്ധയിൽപെടാത്തതിനാലാണ് പ്യൂരിഫിക്കേഷനിൽ തിരുത്തപ്പെടാതെ പോയതെന്നും അപാകത സാങ്കേതിക സഹായത്തോടെ പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയതും അല്ലാത്തതുമായ മുഴവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതുമാണ്. 5/675, 17/106, 17/465 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ലൈസൻസ് അനുവദിക്കൽ - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിനാൽ നഷ്ടം

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ

ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല.

ഭേദഗതി ചട്ടപ്രകാരം ഫീസ് ഈടാക്കാത്തതിൽ സംഭവിച്ച നഷ്ടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | പേര്/ സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 5 | കെ.പി.ഡേവിസ് മുതൽപ്പേർ/ഹോട്ടൽ പാംഷോർ | 3.80 കോടി | 10000 | 5000 | 5000 |
| 2 | 185 | സതീഷ് / അഗ്രോകോൾ നാച്ചുറൽ ഫുഡ്സ് (പ്രൈ) ലി. | 1.86 കോടി | 5000 | 3000 | 2000 |
| 3 | 324 | ഷറഫുദീൻ.ടി/ തെയ്യമ്പാട്ടിൽ വെഞ്ച്വേഴ്സ് (പ്രൈ) ലി. | 2.08 കോടി | 5000 | 4000 | 1000 |
| | | | | | ആകെ | 8000 |

ഭേദഗതി ചട്ടം പ്രകാരം ഫീസ് ഈടാക്കാത്തതിനാൽ ആകെ പരമാവധി 8000 രൂപ വരെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകളും ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്ന്, ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 132 പ്രകാരം പാൽ സംഭരിക്കുന്നതിനും ലൈസൻസ് ആവശ്യമാണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ കടകൾക്കും കൊഴിഞ്ഞാമ്പാറ, വെള്ളരങ്കൽ മേട്, കെ.കെ.പതി, മേടംപാടി, ശൗരിയാർപ്പള്ളം എന്നീ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല.

(ഡി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം

ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>(ഡി) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കാത്തതിനാൽ വരവ് നഷ്ടം</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം തുക ഈടാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/25.01.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

1. 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടത്തിലെ പട്ടിക 2 ൽ നൽകിയിട്ടുള്ളത് ചുമത്താവുന്ന പരമാവധി ഫീസാണ് എന്നതിലാൽ പഞ്ചായത്ത് ചുമത്തുന്ന നിരക്ക് നിശ്ചയിക്കേണ്ടതും സ്ലാബുകളുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതുമാണ്. കുറവായി ഈടാക്കിയ തുക ഈടാക്കേണ്ടതാണ്.
2. റേഷൻ കടകൾ, ക്ഷീര സംഘങ്ങൾ എന്നിവയുൾപ്പെടെ ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെ.ജി.പി. ബോൺ പ്രൊഡക്ട്സ് | കെ പി വിൽസൺ | 6 |
| 2 | യമഹ ഷോറൂം & സർവ്വീസ് | ദീപക്ക് | 4 |
| 3 | കൃഷ്ണ പ്രിയ എന്റർപ്രൈസസ് | സോഹൻ സി.എസ് | 6 |
| 4 | ഗോൾഡ് സൂപ്പർ മാർക്കറ്റ് | രേണുകാദേവി | 4 |
| 5 | എക്കോ ഫുഡ് വേൾഡ് പ്രൊഡക്ട്സ് | ഭരണീധരൻ കെ | 7 |
| 6 | എ.എം.ജി. മിൽക്ക് അസോസിയേറ്റ്സ് | ജയലക്ഷ്മി | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ നടത്തിപ്പുകാർ/ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

| ക്രമ നം. | ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പേര് |
|---|---|
| 1 | കൊഴിഞ്ഞാമ്പാറ |
| 2 | ശൗരിയാർ പാളയം |
| 3 | കെ കെ പതി |
| 4 | മേടംപടി |
| 5 | വെള്ളാരങ്കൽ മേട് |

2. റേഷൻ കടകൾ

| ക്രമ നം. | എ.ആർ.ഡി. നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | 25 | മാർട്ടിൻ ആന്റണി |
| 2 | 26 | മുഹമ്മദ് ഫാറൂഖ് എ |
| 3 | 27 | കെ സ്വാമിനാഥൻ |
| 4 | 28 | ജയേഷ് കെ |
| 5 | 29 | എ ജാഹിർ ഹുസൈൻ |
| 6 | 31 | ഓമന |
| 7 | 35 | വി വിജയൻ |
| 8 | 36 | കെ കാർത്തിക് കുമാർ |
| 9 | 47 | കെ നാഗരാജ് |
| 10 | 134 | കെ മുരുകദാസ് |
| 11 | 165 | പി മാണിക്യം |

3. പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | കെ സുരേഷ് |
| 2 | വി പ്രകാശൻ |
| 3 | ബി സുനിൽ കുമാർ |
| 4 | ശിവൻ ആർ |
| 5 | ഷംസുദ്ദീൻ എസ് |
| 6 | അഭിലാഷ് ആർ |
| 7 | ജി അയ്യസ്വാമി |
| 8 | എ സുരേഷ് കുമാർ |
| 9 | കെ രാധാകൃഷ്ണൻ |
| 10 | അശോകൻ വി |
| 11 | കെ എം സെയ്ദ് മുഹമ്മദ് |
| [illegible] | [illegible] |

| | |
|---|---|
| 12 | മുത്തലിവ് എസ് |
| 13 | മോഹനൻ കെ |
| 14 | മണി കെ |
| 15 | ഷാജി എസ് |
| 16 | കലാധരൻ പി |
| 17 | രാജേഷ് പി |
| 18 | കെ സജീവൻ |
| 19 | എം ബാബു |
| 20 | പരമേശ്വരൻ വി |
| 21 | അജിത്ത് കുമാർ കെ |
| 22 | രജിൽ സി |
| 23 | ധനേഷ് വി |
| 24 | ലിയാകത്ത് അലി എ |
| 25 | ഷഫീക്ക് എൻ എം |
| 26 | ജയനന്ദൻ സി |
| 27 | മുഹമ്മദ് നാസർ എച്ച് |
| 28 | രാമകൃഷ്ണൻ |
| 29 | മുഹമ്മദ് ഇബ്രാഹീം |

4. സിനിമാ തിയേറ്ററുകൾ

| ക്രമ നം. | സിനിമാ തിയേറ്ററിന്റെ പേര് |
|---|---|
| 1 | കൗമാലയ |
| 2 | വൃന്ദാവനം |
| 3 | രവിരാജ് |

5. അന്ന വിസു ക്ലിനിക്ക്, കൊഴിഞ്ഞാമ്പാറ

സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. ബി.എസ്.എൻ.എൽ., കൊഴിഞ്ഞാമ്പാറ

2. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

| ക്രമ നം. | ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പേര് |
|---|---|
| 1 | കൊഴിഞ്ഞാമ്പാറ |
| 2 | ശൗരിയാർ പാളയം |
| 3 | കെ കെ പതി |
| [illegible] | [illegible] |

|  |  |
|---|---|
| 4 | മേടംപടി |
| 5 | വെള്ളാരങ്കൽ മേട് |

3. അന്ന വിസ്സ ക്ലിനിക്ക്, കൊഴിഞ്ഞാമ്പാറ

ഓഡിറ്റ് അന്വേഷണം നം. 13/25-1-2020 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ലേലം - അപാകതകൾ പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സേവനങ്ങൾ ലേലം ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ലേല പരസ്യ തീയതി - 08.03.2018

ലേല തീയതി - 15.03.2018

പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 01/31.03.2018

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ടയാളുടെ പേര് | ലേല കൊണ്ട തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് പിരിവിനുള്ള അവകാശം | ശ്രീ. സുരേഷ് കുമാർ എം | 667500 | 667500 | - |
| 2 | കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം | ശ്രീ. ആറുച്ചാമി | 201000 | 201000 | - |
| 3 | മാർക്കറ്റ് ഫീസ് പിരിവിനുള്ള അവകാശം | ശ്രീ. ഹനീഫ | 57000 | 57000 | - |
| 4 | ടൂ വീലർ / ഫോർ വീലർ പാർക്ക് നടത്തിപ്പിനുള്ള അവകാശം | ശ്രീ. കൃഷ്ണനുണ്ണി | 92000 | 50000 (117030115211/ 15.03.2018) | 42000 |
| | ആകെ തുക | | | | 42000 |

രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 8(2)(1)

പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം IV ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ലേല ഇനത്തിലുള്ള 42000/- രൂപയുടെ കുടിശ്ശിക (ക്രമ നം. 4 പ്രകാരമുള്ളത്) ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ലേല തുകകളിന്മേലുള്ള ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 15/25-1-2010 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-15 വാടക -അപാകതകൾ പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിടം | മുറികളുടെ എണ്ണം |
|---|---|---|
| 1 | ഷോപ്പിംങ് കോംപ്ലക്സ് | 16 |
| 2 | ബസ് വെയിറ്റിംഗ് ഷെഡ് | 2 |

വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. വാടക ഇനത്തിലുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| തൻവർഷ ഡിമാന്റ് (2018-19) | കുടിശ്ശിക ഉൾപ്പടെ ആകെ ഡിമാന്റ് | 2018-19 ൽ പിരിച്ചെടുത്ത തുക | ബാക്കി |
|---|---|---|---|
| 1174803 | 1363397 | 1307057 | 56340 |

വാടക ഇനത്തിലുള്ള കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. വാടക തുകകളിന്മേലുള്ള ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.
ഈടാക്കാവുന്ന ചരക്ക് സേവന നികുതി – 1307057*18% = 235270/- രൂപ.

4. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾക്ക് പത്ത് ശതമാനം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും മൂന്ന് ശതമാനം 50%

തിന് മുകളിൽ അംഗവൈകല്യം ഉള്ള വികലാംഗർക്കും സംവരണം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിൽ മുറികൾ സംവരണം ചെയ്ത് നൽക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള സംവരണം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 16/25-1-2020 ന് മറുപടി ലഭ്യമാക്കിയില്ല.

# 1-16 ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ-7എ കാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥർ, പഞ്ചായത്ത് പ്രോജക്റ്റുകൾക്കായി പ്രത്യേകം കാഷ്ബുക്ക് സൂക്ഷിച്ചതായി കാണുന്നു. ആയത് ഒഴിവാക്കി ഒരു ക്യാഷ്ബുക്ക് മാത്രം സൂക്ഷിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തുവാൻ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

1. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)
2. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
3. മെഡിക്കൽ ഓഫീസർ (ആയുർവേദം)
4. മെഡിക്കൽ ഓഫീസർ (ഹോമിയോ)
5. ഹെഡ് മാസ്റ്റർ
6. ഡയറി ഫാം ഇൻസ്ട്രക്ടർ
7. ഐ.സി.ഡി.എസ്. സൂപ്പർവൈസർ
8. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
9. കൃഷി ഓഫീസർ

# 1-17 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി-ചെലവഴിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ്

2018-19 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ താഴെ പറയുന്ന തുകകൾ പഞ്ചായത്ത് തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ലഭിച്ച തുക | ചെലവഴിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 2016-17 | 200000 | - | 200000 |
| 2 | 2017-18 | 300000 | 240560 | 59440 |
| ആകെ നീക്കിയിരിപ്പ് തുക | | | | 259440/- രൂപ |

ഓഡിറ്റ് അന്വേഷണം നം.5/23-1-2020ന് മറുപടിയിൽ തുക നീക്കിയിരിപ്പുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പട്ടിക പ്രകാരമുള്ള നീക്കിയിരിപ്പ് തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അതാത് വർഷം ചെലവഴിക്കാത്ത തുക സമയബന്ധിതമായി തിരിച്ചടയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-18 ശമ്പള പരിഷ്കരണം കുടിശ്ശിക പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാന ത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള ശമ്പളം അടിസ്ഥാനമാക്കി പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 04/2018, 10/2018, മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 255 | 20-6-2018 | 39135 |
| 2 | 220 | 06-06-2018 | 217493 |
| 3 | 221 | 06-06-2018 | 29520 |
| 2 | 580(1) | 01-10-2018 | 216397 |
| 3 | 601 | 05-10-2018 | 28476 |
| 4 | 631 | 10-10-2018 | 22972 |
| 5 | 680 | 26-10-2018 | 37754 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക്

ഒടുക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു. തുക ഒടുക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (12/25-01-2020 ) മറുപടി ലഭിച്ചിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും</u>

ഗ്രാമപഞ്ചായത്തിന്റെ കണക്ക് പ്രകാരം രണ്ട് ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിലായി താഴെ പറയും പ്രകാരം ലാമ്പുകളുണ്ട്.

| ലാമ്പുകൾ (വാട്ട്) | കൊഴിഞ്ഞാമ്പാറ ഇലക്ട്രിക്ക് സെക്ഷൻ | വേലാന്താവളം ഇലക്ട്രിക്ക് സെക്ഷൻ |
|---|---|---|
| 22 W CFL | 312 | 242 |
| 80 W Tube | 469 | 114 |
| 40 W Ordinary Lamp | 328 | 103 |
| 250 W SVL | 79 | 12 |
| ആകെ | 1188 | 471 |

കൊഴിഞ്ഞാമ്പാറ ഇലക്ട്രിക് സെക്ഷനു കീഴിൽ 50 മീറ്ററുകളും വേലാന്താവളം ഡിവിഷനു കീഴിൽ 28 മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ലാമ്പുകളും മീറ്ററിനു കീഴീൽ കൊണ്ടു വന്നിട്ടില്ല. എത്ര ലാമ്പുകൾ മീറ്ററിനു കീഴിൽ കൊണ്ടു വരാനുണ്ടെന്നതിന് കണക്കില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി രണ്ട് സെക്ഷനുകളിലും കൂടി 104868രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്. ആയതിൽ മീറ്ററിന് കീഴിലല്ലാത്ത ലാമ്പുകൾക്ക് 65000 രൂപയോളം പ്രതിമാസം ഒടുക്കുന്നുണ്ട്. നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടില്ല.

<u>ബി. തെരുവു വിളക്കുകളുടെ പരിപാലനച്ചെലവ്</u>

അറ്റകുറ്റപ്പണികൾക്കുള്ള തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി തൻവർഷം 150406 രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾക്കായി 498014 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|
| 172/19- തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങൽ | 150406 |
| 28/19-തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണികൾ | 498014 |
| 180/19- എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിച്ചതിനുള്ള സൂപ്പർവിഷൻ ചാർജ്ജ് (മുൻവർഷം സ്ഥാപിച്ചതിന്) | 10626 |
| ആകെ | 659046 |

<u>സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ</u>

തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും പൂർത്തീകരിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ കുറവു വരുത്താവുന്നതാണ്. തൻവർഷം ഇക്കാര്യത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ കൃത്യമായ കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി അധിക വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- തെരുവ് വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- (ഓഡിറ്റ് അന്വേഷണം നം. 12/25-1-2020)

# 1-20 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചില്ല

2018-19 വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ശ്രീ.സുരേഷ്.എം, അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റിയ 15000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വൗച്ചർ നം.21800427 തിയ്യതി 20.8.18=165000 (11*15000)

ബിൽ നം.438/20.8.18

പ്രസ്തുത തുക ഈടാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/28.01-2020) മറുപടി ലഭിച്ചിട്ടില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ 29 കുടിവെള്ള പദ്ധതികളും, 5 ബൾക്ക് മീറ്ററുകളും ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ട്. ആകെ 2602 ഉപഭോക്താക്കൾ പദ്ധതികൾക്ക് കീഴിലുണ്ട്.

ബി. വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് 200 രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്. ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 5 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 290/- രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

ഡി. 2018-19 വർഷത്തെ വരവ്-ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

| | | |
|---|---|---|
| തൻവർഷത്തെ ആകെ വരവ് (കുടിശ്ശിക സഹിതം) | | 2260420 |
| തൻവർഷത്തെ ആകെ ചെലവ് | | 4596851 |
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് | 1726554 | |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 330756 | |
| കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി | 1970161 | |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 569380 | |

വൈദ്യുതി ചാർജ്ജ്, വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 45 ലക്ഷം രൂപയിൽ അധികം രൂപ ചെലവഴിച്ചിട്ടുണ്ട്. യഥാർത്ഥ വരവും ചെലവും തമ്മിലുള്ള അന്തരം തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്.

ഇ. കുടിശ്ശികയുടെ വിവരം

ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 2953453 (കറന്റ്- 927800 + അരിയർ-2025653 ) രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല.

എഫ്. പദ്ധതികൾ കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ

ബൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ഗാർഹിക കണക്ഷനുകൾ വാട്ടർ അതോറിറ്റിക്ക് കൈമാറുന്നത് സംബന്ധിച്ച് 27.07.2019 തിയ്യതിയിലെ 13(1) നമ്പർ പ്രകാരം ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി 26.07.2019 ലെ കെ.ഡബ്ല്യ.എ/പി എച്ച് എസ് ഡി/ സി ടി ആർ/ബൾക്ക് നമ്പറായി അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി കത്ത് നല്കിയിട്ടുണ്ട്. ആയത് പ്രകാരം ബി പിഎൽ ഗുണഭോക്താവായ അപേക്ഷകന് കണക്ഷൻ ഒന്നിന് രൂപ 325/-, മറ്റ് ഗാർഹിക കണക്ഷന് രൂപ 575/- എന്നീ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് ജല അതോറിറ്റിയിൽ സെന്റേജ് തുക അടയ്ക്കാനും ഗാർഹികേതര കണക്ഷനുകളുടെ സെന്റേജ് തുക ഗുണഭോക്താവ് സ്വയം അടവാക്കുന്നതിനും മറ്റ് തുടർ നടപടിക്രമങ്ങൾക്കുമായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ 1200000/- രൂപ തനത് ഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം.244/19 ).
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ജി. ബൈലോ

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നിയമാവലി തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി വ്യക്തമായ നിബന്ധനകൾ രൂപീകരിക്കേണ്ടതാണ്.

3. ചെലവിന് ആനുപാതികമായി വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിച്ച് പദ്ധതികൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക, പിഴ സഹിതം പിരിച്ചെടുക്കേണ്ടതാണ്

6. 13-ാം പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 1-22 ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ധാരാളം അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമാക്കുന്നതിനായി ഹരിത കേരള മിഷന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2016 ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പോലുള്ള കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലും സബ്ഡിഡി മാനദണ്ഡങ്ങളിലും മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് തൻവർഷം സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാണോ എന്നും വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>1. കണ്ടിൻജന്റ് ജീവനക്കാരുടെ വിവരം</u>

ഗ്രാമപഞ്ചായത്തിൽ 8 എഫ്.ടി.എസ് മാരുടെ സ്ഥിരം തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. 6 ജീവനക്കാർ പെൻഷൻ ആയതിനുശേഷം ഒഴിവുകൾ നികത്തിയിട്ടില്ല. നിലവിൽ 2 സ്ഥിരം ജീവനക്കാർ ഉണ്ട്. നിലവിൽ 6 പേർ താത്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2 പേരെ അധികമായും നിയോഗിച്ചിട്ടുണ്ട്.

പഞ്ചായത്ത് വക മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിലേക്ക് 2 പേരെയും 6 പേരെ മാലിന്യ ശേഖരണത്തിനായി ഫീൽഡിലും നിയോഗിച്ചിട്ടുണ്ട്. എഫ്.ടി.എസിൽ 2 പേരെ ഓഫീസിലും നിയോഗിച്ചിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന ട്രാക്ടറിന് ഒരു ഡ്രൈവറേയും താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

<u>2. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന വാഹനം</u>

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ട്രാക്ടറിന്റെ സഹായത്തോടെ ശേഖരിച്ച് 4-ം വാർഡിലെ കുലുക്കപ്പാറയിലുള്ള പഞ്ചായത്ത് വക സ്ഥലത്താണ് നിക്ഷേപിച്ചു വരുന്നത്. ജൈവ-അജൈവ മാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219എം പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് മാലിന്യ നീക്കത്തിനായി നിലവിൽ ഉപയോഗിച്ചു വരുന്നത്.

<u>3. ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കിയില്ല</u>

പ്രോജക്ട് നം.178/19- മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽ - 2902500 രൂപ (വികസന ഫണ്ട് - 22 ലക്ഷം, CFC – 5 ലക്ഷം, ശുചിത്വ മിഷൻ - 202500)

4-ാം വാർഡിലെ പഞ്ചായത്ത് വക സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ഐ.ആർ.ടി.സി മുണ്ടൂരിനെയാണ് നിയോഗിച്ചിട്ടുള്ളത്.

ഗ്രമപഞ്ചായത്ത് പരിധിയിലെ മാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രതിദിനം 2 ടൺ മാലിന്യങ്ങൾ സംസ്കരിച്ച് കമ്പോസ്റ്റാക്കി മാറ്റാൻ ടി പദ്ധതിയിലൂടെ സാധിക്കുമെന്നാണ്

കരുതുന്നത്. മാലിന്യങ്ങൾ പെട്ടെന്ന് കമ്പോസ്റ്റാക്കി മാറ്റുന്നതിനായി ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7.5 HP 750 Kg/hour കപ്പാസിറ്റിയുള്ള windrow Composit Unit, Organic Shredder,Conveyer, Seivege, ഓഫീസ്, ഡ്രസ്സിംഗ് റൂം, ടോയ് ലെറ്റ് എന്നിവ അടക്കം 25.3 മീറ്റർ നീളത്തിലും 8.4 മീറ്റർ വീതിയിലുമുള്ള പ്ലാന്റ് നിർമ്മിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്ലാന്റിനായി 2902500 ലക്ഷം രൂപയാണ് വകയിരുത്തിയത്. ശുചിത്വ മിഷനിൽ നിന്നും നം. 131/C1/13/SM തിയതി 29.9.18 പ്രകാരം സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ IRTC മുണ്ടൂരുമായി 15.10.2018 ന് ഒപ്പുവെച്ച ധാരണാപത്രം (നം.19/2018-19 dtd 15.10.2018 ) അനുസരിച്ച് 5 ഗഡുക്കളായാണ് തുക നൽകേണ്ടത്. അടങ്കൽ തുകയുടെ 20% തുക അഡ്വാൻസായി നല്കുന്നതിനും ആയതിന്റെ 90% വിനിയോഗം സാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക് അടുത്ത ഗഡു ( 20%) IRTC ക്ക് നൽകേണ്ടതുമാണ്.

ബിൽ നം. 21/17.10.19 പ്രകാരം 520000 രൂപ (20 % മുൻകൂർ തുക) സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. ബിൽ നം.45/21.3.19 പ്രകാരം 14790 രൂപ പ്ലാന്റിൽ ത്രീഫേസ് കണക്ഷൻ എടുത്ത വകയിലും ചെലവഴിച്ചിട്ടുണ്ട്.

4. നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം

2018-19 വർഷത്തിൽ ആദ്യ ഗഡുവായി 520000 രൂപ ഐ.ആർ.ടി.സിക്ക് നൽകുകയും പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരാർ കാലാവധി 15.04.2019 ൽ അവസാനിച്ചിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ കാലാവധി അവസാനിച്ചതിനുശേഷം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ പുതുക്കി പൂർത്തീകരണ തിയതി പുനർനിശ്ചയിക്കാതെ 2019-20 വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി കൊണ്ടു വന്ന് പദ്ധതി പുനരാരംഭിച്ചിട്ടുണ്ട്.

പ്ലാന്റ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1500000 രൂപ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ചെലഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ചെലവഴിക്കേണ്ടതാണ്.

5. മെറ്റീരിയിൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വയ്ക്കുന്നതിനുള്ള എം.സി.എഫ് സെന്ററിന്റെ നിർമ്മാണം 2019-20 വർഷത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

8-ാം വാർഡിലാണ് കെട്ടിടം നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

പ്രോജക്ട് നം.237/20-എം.സി.എഫ് സെന്റർ

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

അടങ്കൽ - 548230 (വികസന ഫണ്ട് - 48230 + ബ്ലോക്ക് വിഹിതം - 500000)

കരാറുകാരൻ - ശ്രീ.സുരേഷ്.കെ

19-11-2019 ന് എഗ്രിമെന്റ് (67/AE/LSGD/2019-20 Dtd 19.11.19) സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടത്തിയ തീയതി വരേയും പ്രവൃത്തി തുടങ്ങിയിട്ടില്ല. പ്രവൃത്തിയുടെ കാലാവധി 6 മാസമാണ്. നാളിതുവരെ തുക കരാറുകാരന് നൽകിയിട്ടില്ല.

6. ഹരിത കർമ്മസേന

ഹരിതകർമ്മസേന രൂപീകരിക്കുന്നതിനായി 36 പേരെ തെരഞ്ഞെടുത്തിട്ടു ണ്ടെങ്കിലും ആയത് പ്രവർത്തനസജ്ജമല്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച വിവരം നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ

കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

<u>8. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ</u>

<u>എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം</u>

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

<u>ബി. ഹരിത കേരള മിഷൻ</u>

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യരഹിത തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുവാനും ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാനും ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം</u>

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8ൽ ഖര-ദ്രവ മാലിന്യ സംസ്കരണ ത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തി യിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സ്ഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പി ക്കുന്നതിനായി മുൻഗണന നൽകിയിട്ടില്ല.

<u>9. കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം പഞ്ചായത്ത് കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുകയും ആരോഗ്യ വകുപ്പ് ജീവനക്കാർ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കുകയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുകയും ചെയ്താൽ സുസ്ഥിര മാലിന്യ നിയന്ത്രണം എന്ന ലക്ഷ്യം കൈവരിക്കാവുന്നതാണ്.

<u>10. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ</u>

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ നിയന്ത്രണ സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>11. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ</u>

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പി ക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിനായി വ്യാപാരി-വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കാവുന്നതാണ്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്കുള്ള ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്ലോജക്ടുകൾ ആവിഷ്കരിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്തിട്ടില്ല.

<u>11. മോണിറ്ററിംഗ് സംവിധാനം</u>

മാലിന്യ സംസ്കരണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല കുടിവെള്ളം, ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. അസി.എഞ്ചിനിയർ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ഫലപ്രദമായ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള ചർച്ചകൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റ ചുമതലയുള്ള ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഇടപെടൽ നടത്തേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം 12/25.01.2020 മുഖേന പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.



<u>ഖരമാലിന്യ പ്ലാന്റ്-നിലവിലെ സ്ഥിതി</u>

<u>12. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഒന്നിൽ കൂടുതൽ കണ്ടിൻജന്റ് ജീവനക്കാരെ ഓഫീസ് ജോലികൾക്ക് നിയോഗിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.

2. മാലിന്യ നീക്കത്തിനായുള്ള വാഹനം നിയമാനുസൃത മാനദണ്ഡങ്ങളോടെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

3. ഐ.ആർ.ടി.സി യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട താണ്. ഐ.ആർ.ടി.സി യുമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വയ്ക്കേണ്ടതാണ്. പൂർത്തീകരണ തിയതി, നഷ്ടപരിഹാര വ്യവസ്ഥകൾ, തുടർ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്നിവ സപ്ലിമെന്ററി എഗ്രിമെന്റിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്ലാന്റിന്റെ പൂർത്തീകരണത്തിനുശേഷമുള്ള പ്രവർത്തനങ്ങൾക്ക് തുടർ പദ്ധതി ആവിഷ്കരിച്ച് പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാന്റിലെ ജീവനക്കാർക്കുള്ള പരിശീലനം, പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റിൽ എത്തുന്നത് നിയന്ത്രിക്കുന്നതിനുള്ള ഏർപ്പാടുകൾ മുതലായവ കണക്കിലെടുക്കേണ്ടതാണ്. പ്ലാന്റിന്റെ നടത്തിപ്പിനായി ഒരു നിയമാവലി രൂപീകരിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

5. ജൈവവള ഉത്പാദനവും വിപണനവും സാധ്യമാക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

6. എം.സി.എഫ് സെന്ററിന്റെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്. സെന്റർ പ്രവർത്തനക്ഷമമാകുന്നതോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാലിന്യ സംസ്കരണ പ്ലാന്റിൽ എത്താത്ത വിധത്തിൽ മാലിന്യ ശേഖരണ, സംസ്കരണ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

7. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

8. ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പരിശോധന ആരോഗ്യ വിഭാഗത്തിന്റെ കൂടി സഹായത്തോടെ നടത്തേണ്ടതാണ്.

9. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണം ഉറപ്പാക്കേണ്ടതാണ്.

10. റോഡ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

11. പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

12. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

13. ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതും ബദൽ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

14. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

15. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് അധികാര സ്ഥാനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
16. IRTC-യുമായി എഗ്രിമെന്റ് വെച്ച് കരാർ പുതുക്കി പൂർത്തീകരണ തിയതി പുനർനിശ്ചയിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം.286/19-എസ്.ടി.കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിലേക്ക് ബിൽ നം.28/24.11.18 പ്രകാരം 94337/- രൂപ പിൻവലിച്ച് അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, നാട്ടുകല്ലിന് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 12/ 25-01-2020 )

# 1-24 എ.ടി.എസ്.പി.പദ്ധതി-നടത്തിപ്പിലെ അപാകങ്ങളും ബാലൻസ് തുക തിരിച്ചടയ്ക്കേണ്ടതും സംബന്ധിച്ച്.

2014-15 സാമ്പത്തിക വർഷത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ സ്രാമ്പി കോളനിയിലെ പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം, ഭവന നവീകരണം, കക്കൂസ് നിർമ്മാണം, ഡ്രൈനേജ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവർത്തികൾക്കായി പാലക്കാട് ജില്ലാ കളക്ടറിൽ നിന്നും 10830000/- രൂപ ലഭിച്ചിട്ടുണ്ട്. തുക ലഭ്യമായതിന്റേയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉത്തരവ് നം | ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക | വിവിധ കാരണങ്ങളാൽ തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | പാലക്കാട് ജില്ലാ കളക്ടറുടെ 31-03-2016 ലെ ബി-379/ 14 (2) | ഡ്രൈനേജ് നിർമ്മാണം | 1385000 | 609268 | 0 | 775732 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| 2 | പാലക്കാട് ജില്ലാ കളക്ടറുടെ 31-03-2016 ലെ ബി-379/ 14 (2) | റോഡ് കോൺ ക്രീറ്റിംഗ് | 720000 | 5381330 | | 181867 |
| 3 | പാലക്കാട് ജില്ലാ കളക്ടറുടെ 31-03-2016 ലെ ബി-379/ 14 (3) | ഭവന നിർമ്മാണം | 5600000 (16 ഗുണഭോക്താക്കൾക്ക് 350000 രൂപ പ്രകാരം ) | 4055000 | 1050000 | 495000 |
| 4 | പാലക്കാട് ജില്ലാ കളക്ടറുടെ 31-03-2016 ലെ ബി-379/ 14 (4) | ഭവന നവീകരണം | 2000000 ( 20 ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം ) | 1904000 | 0 | 96000 |
| 5 | പാലക്കാട് ജില്ലാ കളക്ടറുടെ 31-03-2016 ലെ ബി-379/ 14 (3) | ടോയ് ലെറ്റ് നിർമ്മാണം | 1125000 (45 ഗുണഭോക്താക്കൾക്ക് 25000) | 680000 | 350000 | 95000 |
| ആകെ | | | 10830000 | 8786401 | 1400000 | 643599 |

മേൽ പട്ടിക ക്രമ നം.3 പ്രകാരം 350000/-രൂപ കൈപ്പറ്റുകയും ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത 10 ഗുണഭോക്താക്കൾക്ക് 7.3.2018 ലെ ഭരണ സമിതി തീരുമാനം നം. 7(1), ചിറ്റൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 22.12.2017 ലെ സി.റ്റി.878/17 നമ്പർ കത്ത് എന്നിവ പ്രകാരം ലൈഫ് പദ്ധതി ഘട്ടം I ൽ ഉൾപ്പെടുത്തി 100000/- രൂപ വീതം ആകെ 1000000/- രൂപ നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ചിന്നപ്പൻ s/o കറുപ്പസ്വാമി, സ്രാമ്പി കോളനി |
| 2 | ആറാത്താൾ w/o രാമസ്വാമി,സ്രാമ്പി കോളനി |
| 3 | സരസ്വതി,w/o ആറുച്ചാമി, സ്രാമ്പി കോളനി |
| 4 | ചിന്നസ്വാമി w/oകറുപ്പസ്വാമി, സ്രാമ്പി കോളനി |
| 5 | ശിവലിംഗം s/oവെള്ളയ്യൻ, സ്രാമ്പി കോളനി |
| 6 | കണ്ണാമ്മാൾ, w/o ചിന്നപ്പൻ, വണ്ണാമട |
| 7 | പൊന്നുസ്വാമി s/o രാമസ്വാമി, സ്രാമ്പി കോളനി |
| 8 | മുത്തുലക്ഷമി, w/o ആറുച്ചാമി, വണ്ണാമട |
| 9 | ആറുച്ചാമി s/o രാമച്ചാമി, വണ്ണാമട |
| 10 | കൃഷ്ണവേൽ s/o ആറുമുഖൻ, വണ്ണാമട |

ചിറ്റൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 22.12.2017 ലെ സി.റ്റി.878/17 നമ്പർ കത്തിൽ 2014-15 സമഗ്ര വികസ പദ്ധതി പ്രകാരം വീട് നിർമ്മാണം പൂർത്തീകരിക്കാത്ത മേൽകാണിച്ച ഗുണഭോക്താക്കളെ കൂടി ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. എന്നാൽ പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങാതെ മേൽ സൂചിപ്പിച്ച 10 ഗുണഭോക്താക്കൾക്കും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം മാത്രം ധനസഹായം നല്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

എ.ടി.എസ്.പി ഫണ്ടിൽ നിന്നും ലൈഫ് മിഷൻ പദ്ധതി പ്രകാരം തുക നല്കിയതിന് സാധൂകരണം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12 /25-01-2020 ) മറുപടി ലഭിച്ചിട്ടില്ല.
പരാമർശത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 തൊഴിൽ രഹിത വേതനം- ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബവരുമാനം 12000/- രൂപയിൽ കവിയത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് തികയാത്തതുമായ വ്യക്തിക്ക് പ്രസ്തുത വേതനത്തിന് അർഹതയുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം കഴിഞ്ഞവർക്കാണ് വേതനത്തിന് അർഹതയുള്ളത്. (വികലാംഗർക്ക് രണ്ട് വർഷം - സ.ഉ.(പി) നം.23/98/തിയ്യതി 28.5.1998 പ്രകാരം). 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം അപേക്ഷകൻ 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. ചട്ടം 6(i) പ്രകാരം എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്, പഞ്ചായത്തിൽ സ്ഥിരതാമസം സംബന്ധിച്ച രേഖ, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നല്കണം. ചട്ടം 6(ii) പ്രകാരം അപേക്ഷയിന്മേൽ അന്വേഷണം നടത്തി 45 ദിവസത്തിനകം വേതനം അനുവദിക്കേണ്ടതാണ്. തൻവർഷത്തെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ തൻവർഷത്തിൽ രണ്ട് ഗഡുക്കളായാണ് വേതനം അനുവദിച്ചിട്ടുള്ളത്. പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 6.7.2018 ലെ ഉത്തരവ് നം.യു1-1463/18 പ്രകാരം 39360/- രൂപ ലഭിച്ചതിൽ 39240/- രൂപ പിൻവലിച്ച് ആകെ ഉണ്ടായിരുന്ന 41 ഗുണഭോക്താക്കളിൽ 37 പേർക്ക് വേതനം അനുവദിച്ച വകയിൽ 35400/- രൂപ ചെലവഴിച്ചിട്ടുണ്ട്. (960*36=34560+1*840=840=35400). ബാക്കി തുകയായ 3840/- രൂപ ചലാൻ നം.4660781 തിയ്യതി 6.7.18 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 27.2.2019ലെ ഉത്തരവ് നം.യു1-1463/18 പ്രകാരം 39360 രൂപ ലഭിച്ചതിൽ 37560 രൂപ പിൻവലിച്ചതിൽ ആകെ ഉണ്ടായിരുന്ന 40 ഗുണഭോക്താക്കളിൽ 33 പേർക്ക് വേതനം അനുവദിച്ച വകയിൽ 31680 രൂപ ചെലവഴിച്ചിട്ടുണ്ട്.

(960*33). ബാക്കി തുകയായ 5880/- രൂപ ചലാൻ നം.58806 തിയ്യതി 27.3.19 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ പുതിയ അപേക്ഷകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

സ.ഉ (അച്ചടി ) നം.139/2019/ധന വകുപ്പിന്റെ തിയ്യതി 15.10.2019 പ്രകാരം 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി-മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇനി മുതൽ തൊഴിൽരഹിത വേതനം ഗുണഭോക്താളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രം വിതരണം നടത്തമെന്നും വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത/കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം (മേൽവിലാസം) മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും തൊഴിൽരഹിത വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് 15 ദിവസ്സം മുമ്പ് ഗുണഭോക്താവ് മേൽപ്പറഞ്ഞവ തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ആധാർ നമ്പർ ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. ബാങ്ക് അക്കൗണ്ട് നമ്പർ ഹാജരാക്കാത്തവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം അനുവദിച്ച് നല്കുന്നതല്ല എന്നും നിർദ്ദേശമുണ്ട്. ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.(ഓഡിറ്റ് അന്വേഷണം നം.18/28.01.2020 ).
സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

# 1-26 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ-അവലോകനം

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നല്കുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹതപ്പെട്ട വ്യക്തികൾക്ക് തന്നെ ലഭിക്കുന്നുണ്ടോ എന്നും ഓരോ പെൻഷനും അനുവദിക്കപ്പെട്ട സമയപരിധി പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. <u>ഇന്ദിരാഗാന്ധി വാർദ്ധ്യക്യകാല പെൻഷൻ</u>

സ.ഉ (എം/എസ്) നം.93/13 സാനീവ തിയ്യതി 4.11.2013 പ്രകാരം 60 വയസ്സ് പൂർത്തിയായവർക്കും, കേരളത്തിൽ മൂന്ന് വർഷക്കാലത്തോളം സ്ഥിരതാമസക്കാരായവർക്കും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാതെയുള്ള ഏതൊരാൾക്കും ടി പെൻഷന് അപേക്ഷിക്കാവുന്നതാണ്. സ.ഉ(എം.എസ്)നം.204/2017/ധന തിയ്യതി 23.3.2017 പ്രകാരം തൻവർഷം നല്കാവുന്ന പെൻഷൻ 1100/-രൂപയാണ്. സ.ഉ.(എം.എസ്) നം.24/2016 സാനീവ തിയ്യതി 01.03.2016

പ്രകാരം 01.04.2016 മുതൽ 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. തൻവർഷത്തെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷം ലഭിച്ച ആകെ അപേക്ഷകൾ-189

വിവിധ കാരണങ്ങളാൽ നിരസിച്ചവ- 38

ആകെ അനുവദിച്ച പെൻഷൻ - 151

അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി, പെൻഷൻ നല്കിയ മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അപേക്ഷ തീർപ്പാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പെൻഷൻ അപേക്ഷ അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | അബ്ദുൾ ഖാദർ.വി<br>s/o വെള്ളപ്പാ രാവുത്തർ, പഴണിയാർ പാളയം | A5/183/19/ 11.01.19 | 24.06.19 |
| 2 | ദേവി.കെ, w/o.രാധാകൃഷ്ണൻ,<br>ആലമ്പാടി | A5/9864/18/ 29.8.18 | 24.06.19 |

<u>B. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ</u>

വിധവ/വിവാഹ മോചിത ആയവർക്കും പുനർ വിവാഹിത അല്ലാത്തവർക്കും മറ്റാരുടേയും സംരക്ഷണത്തിൽ അല്ലാത്തവർക്കും അഗതിമന്ദിരത്തിലെ അന്തേവാസി അല്ലാത്തവർക്കും ഭർത്താവിനെ കാണാതായി ഏഴ് വർഷം കഴിഞ്ഞവർക്കും കേരളത്തിൽ തുടർച്ചയായി രണ്ട് വർഷം സ്ഥിരതാമസക്കാരായവർക്കും ടി പെൻഷന് അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത് (സ.ഉ.(എം.എസ്) നം.52/2014/സാക്ഷേവ തിയ്യതി 20-08-2014). സ.ഉ. (എം.എസ്)നം.204/2017/ധന തിയ്യതി 23.03.2017 പ്രകാരം തുക 1100/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

തൻവർഷത്തെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷം ലഭിച്ച ആകെ അപേക്ഷകൾ-65

വിവിധ കാരണങ്ങളാൽ നിരസിച്ചവ- 1

ആകെ അനുവദിച്ച പെൻഷൻ- 64

അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി, പെൻഷൻ നല്കിയ മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. മാത്രമല്ല അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം അപേക്ഷ തീർപ്പാക്കണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പെൻഷൻ അപേക്ഷ അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | ശാന്തകുമാരി w/o സുന്ദരം, വാണിയാർ സ്ട്രീറ്റ് | 4102/18/ 23.5.18 | 24.11.18 |
| 2 | മുനിയമ്മ,D/o പഞ്ചലിംഗം, മണിമുത്ത് നഗർ | 4602/18/ 13.6.18 | 24.11.18 |

C. വികലാംഗ പെൻഷൻ

അഗതി മന്ദിരത്തിലെ അന്തേവാസിയാകാത്തവർക്ക് അവശത തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പെൻഷന് അപേക്ഷിക്കാവുന്നതാണ്. സ.ഉ.(എം.എസ് ) നം.52/2014 സാക്ഷേവ തിയ്യതി 20.06.2014 പ്രകാരം വരുമാനം ഒരു ലക്ഷം രൂപയിൽ കൂടരുത്. സ.ഉ(എം.എസ്)നം.204/2017/ധന തിയ്യതി 23.3.2017 പ്രകാരം വികലാംഗ പെൻഷന് 1100/-രൂപയും സ.ഉ.(എം.എസ്)നം.61/2018/ധന തിയ്യതി 21.1.2018 പ്രകാരം അവശത 80% ത്തിൽ കൂടുതൽ ഉള്ളവർക്ക് 1300/- രൂപയും നല്കാവുന്നതാണ്. വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ കൂടി 600/-രൂപ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്.

തൻവർഷത്തെ ടി പെൻഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷം ലഭിച്ച ആകെ അപേക്ഷകൾ-15

വിവിധ കാരണങ്ങളാൽ നിരസിച്ചവ- 0

ആകെ അനുവദിച്ച പെൻഷൻ- 15

അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി, പെൻഷൻ നല്കിയ മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അപേക്ഷ തീർപ്പാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. അപേക്ഷിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പെൻഷൻ അപേക്ഷ അംഗീകരിച്ച തിയ്യതി |
|---|---|---|---|
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 1 | ജാഫറലി s/o ഷാഹുൽ ഹമീദ്, കൊഴിഞ്ഞാമ്പാറ | 2284/18/ 13.3.18 | 27.09.18 |
| 2 | മുനിയമ്മ,D/o പഞ്ചലിംഗം, മണിമുത്ത് നഗർ | 3033/18/ 6.9.18 | 27.09.18 |

<u>D. കർഷക തൊഴിലാളി പെൻഷൻ</u>

പത്ത് വർഷത്തിൽ കുറയാത്ത കാലയളവിൽ ഭൂവുടമയുടെ കൃഷി ഭൂമിയിലോ അതിനോടനുബന്ധിച്ചോ ഉള്ള ജോലിയോ മറ്റേതെങ്കിലും കൃഷിപ്പണിയോ ഒരു ഭൂവുടമ നല്കുന്ന കൂലിക്കു വേണ്ടി ചെയ്യുന്നതും ഉപജീവനത്തിന് പ്രധാനമായും ഈ കൂലിയെ ആശ്രയിക്കുന്നതുമായ വ്യക്തിയാണ് കർഷക തൊഴിലാളി. 1998ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ സ.ഉ.(പി)നം.18/98/തൊഴിൽ തിയ്യതി 16.4.1998 ചട്ടം 3 പ്രകാരം പത്ത് വർഷക്കാലം കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും ചട്ടം 2 പ്രകാരം 60 വയസ്സ് പൂർത്തിയാക്കിയവർക്കും പെൻഷന് അർഹതയുണ്ട്. സ.ഉ(എം.എസ്) നം.52/2014/സാക്ഷേവ തിയ്യതി 20.6.2014 പ്രകാരം കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. ചട്ടം 7 എ പ്രകാരം അപേക്ഷ ഫോറം 1 ൽ അപേക്ഷ സമർപ്പിക്കുകയും കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം, വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ, സ്ഥിരതാമസം തെളിയിക്കുന്ന രേഖ എന്നിവ സഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. ചട്ടം 7 ബി പ്രകാരം ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്ക് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കണം.

തൻവർഷത്തെ ടി പെൻഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷം ലഭിച്ച ആകെ അപേക്ഷകൾ- 8

വിവിധ കാരണങ്ങളാൽ നിരസിച്ചവ- 3

ആകെ അനുവദിച്ച പെൻഷൻ -5

അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി, പെൻഷൻ നല്കിയ മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അപേക്ഷ തീർപ്പാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പെൻഷൻ അപേക്ഷ അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | കറുപ്പൻ s/o പഴനി, കല്ലുക്കപ്പറ | 3747/18/ 9.5.18 | 28.7.18 |
| 2 | ദേവകി w/o മണി, തെനക്കുളം | 4705/18/ 19.6.18 | 30.8.18 |

E. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ

സ.ഉ(സാധാ)നം.14/2001/സാ.ക്ഷേ.വ തിയ്യതി 31.3.2001 പ്രകാരം അവിവാഹിതരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും അമ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരുമായ സ്ത്രീകൾക്ക് സാമ്പത്തികാശ്വാസം നല്കുന്നതിനായാണ് ടി പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അവിവാഹിതരും അഗതി മന്ദിരത്തിലെ അന്തേവാസിയല്ലാത്തവരും കേരളത്തിൽ സ്ഥിരം താമസ്സക്കാരുമായ 50 വയസ്സ് കവിഞ്ഞവർക്ക് വയസ്സ്, വിവാഹിതയല്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ സഹിതം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് അപേക്ഷ നല്കാവുന്നതാണ്. വരുമാനം ഒരു ലക്ഷം രൂപയിൽ കൂടരുത് (സ.ഉ.നം.(എം.എസ്) നം.52/2014/സാക്ഷേവ തിയ്യതി 20.6.2014). ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. (സ.ഉ.(പി) നം.105/2002/ ത.സ്വ.ഭ.വ. തിയ്യതി 25.6.2002)

അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി, പെൻഷൻ നല്കിയ മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല അപേക്ഷ ലഭിച്ച് 40 ദിവസ്സത്തിനകം അപേക്ഷ തീർപ്പാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പെൻഷൻ അപേക്ഷ അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | വിശാലാക്ഷി D/o കൃഷ്ണൻ, പഴണിയാർ പാളയം | A5/1380/19/ 22.2.19 | 19.7.19 |

പെൻഷൻ നല്കുന്നതിലെ കാലതാമസം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.18/28.01.2020 മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 ലൈഫ് മിഷൻ ഭവന പദ്ധതി-അവലോകനം

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ,

ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2081-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു

വിതരണം ചെയ്തു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 288 ഉം, എസ്.സി വിഭാഗത്തിൽ 7 ഉം, എസ്.ടി വിഭാഗത്തിൽ 4 ഉം (ആകെ 299) ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 289 (279+7+3) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 3 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ധനസഹായം നൽകൽ (21/19)</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---:|---:|
| പ്ലാൻ ഫണ്ട് (ജനറൽ) | 5006740 | 5000000 |
| ബ്ലോക്ക് പഞ്ചായത്ത് | 1885000 | 1885000 |
| ജില്ലാ പഞ്ചായത്ത് | 3083097 | 3083097 |
| മറ്റിനം(വായ്പ) | 109225163 | 13600000 |
| ആകെ | 119200000 | 23568097 |

ജനറൽ വിഭാഗത്തിലെ 279 ഗുണഭോക്താക്കളിൽ 116 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു ബാക്കിയുള്ള 163 ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

<u>b) ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ധനസഹായം നൽകൽ- എസ്.സി.പി (22/19)</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---:|---:|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1660000 | 1580000 |
| ബ്ലോക്ക് പഞ്ചായത്ത് | 506000 | 0 |
| ജില്ലാ പഞ്ചായത്ത് | 586199 | 0 |
| ആകെ | 2752199 | 1580000 |

ആകെയുള്ള 7 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>c) ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ധനസഹായം നൽകൽ- എസ്.ടി(24/19)</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---:|---:|

| | | |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.ടി.പി) | 550000 | 550000 |
| ജില്ലാ പഞ്ചായത്ത് | 162099 | 0 |
| ആകെ | 712099 | 550000 |

ആകെയുള്ള 3 ഗുണഭോക്താക്കളിൽ മുഴുവൻ പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് രണ്ടാം ഘട്ടത്തിൽ ഒരു ഗഡു കൈപ്പറ്റി ഭവന നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ

ഒരു ഗഡു 40000 രൂപ കൈപ്പറ്റി നാളിതുവരെയും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | വിഭാഗം | വാർഡ് നം | കരാർ ചമച്ച തിയതി | ആദ്യ ഗഡു വാങ്ങിയ തീയതി |
|---|---|---|---|---|---|
| 1 | രുഗ്മണി w/o ഗോപാലൻ, കരിമണ്ണ് | ജനറൽ | 5 | 20-08-2018 | 21-08-2018 |
| 2 | ആയിഷ w/o ജമീഷ്, വടക്കുത്തെരുവ് | ജനറൽ | 5 | 20-08-2018 | 21-08-2018 |
| 3 | കലാവതി w/o രാജേന്ദ്രൻ, ഗാന്ധിനഗർ | എസ്.സി | 15 | 17-11-2018 | 23-11-2018 |
| 4 | പങ്കജം w/o മുത്തു, വാളറ | ജനറൽ | 15 | 17-09-2018 | 22-09-2018 |
| 5 | സാഹിദ w/o അബുതാഹിർ, പാറുഅമ്മൻച്ചള്ള | ജനറൽ | 10 | 17-12-2018 | 19-12-2018 |
| 6 | സബീന w/o അബ്ദുൾഗഫൂർ, പാറുഅമ്മൻച്ചള്ള | ജനറൽ | 10 | 17-12-2018 | 19-12-2018 |

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 36539702 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ ചിറ്റൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്.

ലോൺ തുക നിന്നും വിതരണം ചെയ്തിട്ടുണ്ട്. 2019-20 ൽ 19640000 രൂപ വായ്പയായി ലഭിച്ചത് മുഴുവനും ചെലവഴിച്ചിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ മൂന്നാം ഗഡു വരെ കൈപ്പറ്റിയ 162 ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം 1 ലക്ഷം രൂപ വീതം 16200000ലഭ്യമായതിൽ 4000000രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

10/24-02-2020 ലെ ഓഡിറ്റ് അന്വേഷണം മുഖേനയും 28.01.2020 ലെ എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള് ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 167 പ്രവൃത്തികളിൽ 86 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരു ത്തിയ 5.87കോടി രൂപയിൽ 2.17കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടു ള്ളത്. ആകെ വകയിരുത്തിയ തുകയുടെ 37% മാത്രമാണ് തൻവർഷത്തെ ചെലവ്. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്ടുകളുടെ ആധിക്യം

തൻവർഷം അംഗീകാരം ലഭിച്ച 167 മരാമത്ത് പ്രവൃത്തികളിൽ 54 എണ്ണവും (32%) സ്പിൽഓവർ പ്രോജക്റ്റുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും സ്പിൽ ഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. മാർച്ച് മാസത്തിൽ സമർപ്പിച്ച 24 ബില്ലുകൾ ക്യൂ ബില്ലുകളായി മാറുകയും ആകെ 97.88 ലക്ഷം രൂപ തൻവർഷത്ത ചെലവിൽ ഉൾപ്പെടാതെ പോവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പാർട്ട് ബില്ലുകൾ നൽകാതിരിരുന്നതും ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ചതിനാലുമാണ് ചെലവു ശതമാനം കുറയുവാൻ ഇടയാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് കൃത്യമായ ഇടവേളകളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുവാൻ ശ്രദ്ധിച്ചാൽ ചെലവ് ശതമാനം വർദ്ധിപ്പിക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ബി. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ അപാകത

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത് കരാറുകാരുടെ അപേക്ഷയില്ലാതെയാണ്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി അസി. എഞ്ചിനിയർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി അനുമതി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പി.ഡബ്ല്യ.ഡി മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ യാതൊരു രേഖയും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

കാലാളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഇല്ലാതെ ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. PWD മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം

ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധനയും ആകെ കാലയളവ് 50%-ൽ അധികരിക്കരുത് എന്ന നിബന്ധനയും കണക്കിലെടുക്കാതെയാണ് പല പ്രവൃത്തികളും ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്.

ഇത്തരത്തിലുള്ള ഇളവുകൾ നൽകുന്നതിനാൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

<u>സി. രേഖകളുടെ സൂക്ഷിപ്പ്</u>

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പല സുപ്രധാന നിബന്ധനകളും കാലഹരണപ്പെട്ടിട്ടും എഗ്രിമെന്റ് ഫോറം കാലാനുസൃതമായി പുതുക്കിയിട്ടില്ല.
2. സാങ്കേതികാനുമതി രേഖ, സെലക്ഷൻ നോട്ടീസ് എന്നിവ കൃത്യമായി പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.
3. കരാറുകാർ തിരികെ ഏൽപ്പിച്ച ടാർ ബാരലുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
4. കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ ലഭ്യമാകുന്ന വസ്തുക്കൾ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
5. മെയിന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല.
6. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

<u>ഡി. മെയിന്റനൻസ് പ്ലാൻ</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിനനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. റോഡിതര ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

1. 164/19-അങ്കണവാടി കുടിവെള്ള സൗകര്യം - 299000/-

2. 165/19-അങ്കണവാടി നവീകരണം - 800000/-

3. 166/19-ചള്ളപ്പാത അങ്കണവാടി നവീകരണം- 150000/-

4. 167/19-ചള്ളപ്പാത അങ്കണവാടി നവീകരണം- 100000/-

5. 240/19-കുന്നങ്കാട്ടുപടി എൽ.പി.എസ് അറ്റകുറ്റപ്പണി- 800000/-

6. 241/19-കൃഷിഭവൻ അറ്റകുറ്റപ്പണി-723000/-

7. 243/18-പെരുമ്പാറച്ചള്ള അങ്കണവാടി നവീകരണം-131498/-

8. 273/18-കല്ലാണ്ടിച്ചള്ള സ്കൂൾ അടിസ്ഥാന സൗകര്യം-400000/-

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3. മെയിന്റനൻസ് പ്ലാൻ അനുസരിച്ച് മെയിന്റനൻസ് പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

4. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കി ക്യൂ ബില്ലുകൾ ഇല്ലാതാക്കുവാനും തുടർ വർഷങ്ങളിലെ ഫണ്ടുകളിൽ കുറവ് സൃഷ്ടിക്കുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

5. രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്.

6. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

# 1-29 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |

| | |
|---|---|
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 58/17-പഴണിയാർപാളയം പ്രസ് കോളനി റോഡ് ടാറിംഗ്<br>അടങ്കൽ - 167000<br>PAC-164839<br>കരാറുകാരൻ - ശ്രീ.അശോകൻ.വി<br>എഗ്രിമെന്റ് നം.:10/9-1-2017<br>അളവു പുസ്തകം - 132/17-18<br>ചെലവ് - 157925<br>(ബിൽ നം.3/9-8-18 -123759, 44/25-1-2019 - 31488) | 31-3-2017 | 1-8-2018 | - | 4945<br>(3%) | 4945 |
| 2 | 63/17-അത്തിക്കോട് പള്ളി സ്ട്രീറ്റ് റോഡ് ടാറിംഗ്<br>അടങ്കൽ - 196000<br>PAC-192596<br>കരാറുകാരൻ - ശ്രീ.കലാധരൻ.ഡി<br>എഗ്രിമെന്റ് നം.:30/16-1-2017<br>അളവു പുസ്തകം - 135/16-17, 143/16-17<br>ബിൽ നം.33/28-12-18<br>ചെലവ്: - 179404 | 15-6-2017 | 13-8-2018 | - | 5778<br>(3%) | 5778 |

| | | | | | | |
